# വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

നം: ജി1/9191/2011.

തൈക്കാട്, തിരുവനന്തപുരം,
തീയതി: 27/04/2011.

## വിജ്ഞാപനം

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-2011 ജൂലായ് മാസം നടത്തുന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ്-അപേക്ഷകൾ ക്ഷണിച്ചു കൊണ്ട്-വിജ്ഞാപനം പുറപ്പെടുവിക്കുന്നു
****************

2011 ജൂലായ് മാസത്തിൽ നടത്തുന്ന അഖിലേന്ത്യാ പരീക്ഷയ്ക്ക് സംസ്ഥാനത്തെ ഐ.ടി.ഐ.കളിലും എൻ.സി.വി.റ്റി. അംഗീകൃത ഐ.ടി.സി. കളിലും പരിശീലനം നടത്തുന്ന ട്രെയിനികളിൽ നിന്നും നിശ്ചിത ഫോറത്തിൽ അപേക്ഷ ക്ഷണിയ്ക്കുന്നു.

ഹ്രസ്വകാല/ഏകവത്സര റഗുലർ ട്രെയിനികൾ 40/- രൂപയും ദ്വിവത്സര റഗുലർ ട്രെയിനികൾ 50/- രൂപയും ഏകവത്സര-ദ്വിവത്സര കോഴ്സുകളിൽ മുൻപ് പരീക്ഷ എഴുതി പരാജയപ്പെട്ട ട്രെയിനികൾ 60/- രൂപയും, വ്യവസായ തൊഴിലാളി പ്രൈവറ്റായി പരീക്ഷ എഴുതി പരാജയപ്പെട്ടവർ 500/- രൂപയുമാണ് പരീക്ഷാ ഫീസിനത്തിൽ ഒടുക്കേണ്ടത്. "0230-ലേബർ ആന്റ് എംപ്ലോയ്മെന്റ്-00-800-അദർ റസീപ്റ്റ്സ്-88-അദർ ഐറ്റംസ്" എന്ന ശീർഷകത്തിൽ ഫീസ് ഒടുക്കിയ ചെല്ലാൻ സഹിതം നിശ്ചിത ഫോറത്തിൽ പൂരിപ്പിച്ച അപേക്ഷ 16/05/2011 വൈകുന്നേരം 3 മണിയ്ക്കു മുൻപായി ബന്ധപ്പെട്ട ഐ.ടി.ഐ./ഐ.ടി.സി. പ്രിൻസിപ്പാൾമാർക്ക് സമർപ്പിച്ചിരിയ്ക്കണം.

അപേക്ഷകൾ ട്രെയിനിംഗ് ഡയറക്ടറേറ്റിൽ നിന്നും നൽകിയിട്ടുള്ള നിർദ്ദേശങ്ങൾക്കനുസൃതമായി സൂക്ഷ്മപരിശോധന നടത്തിയ ശേഷം, ട്രെയിനികളുടെ ലിസ്റ്റ് (രണ്ടു പകർപ്പ്), ഡി.ജി.ഇ.റ്റി.യുടെ അഫിലിയേഷൻ ഉത്തരവിന്റെ പകർപ്പ് (ഓരോ ട്രേഡിന്റെയും അനുബന്ധ യൂണിറ്റിന്റെയും) സഹിതം 20/05/2011-ന് മുമ്പായി ട്രെയിനിംഗ് ഡയറക്ടറേറ്റിൽ എത്തിച്ചിരിക്കണം.

(ഒപ്പ്)
ട്രെയിനിംഗ് ഡയറക്ടർ

*//അംഗീകാരത്തോടെ//*

*അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്*

പി.സി.27/04.

# വ്യാവസായിക പരിശീലന വകുപ്പ്
**(കേരള സംസ്ഥാനം)**

നം. ജി1/9191/2011(1). തൈക്കാട്, തിരുവനന്തപുരം,
തീയതി: 27/04/2011.

## <u>നിർദ്ദേശങ്ങൾ</u>

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- 2011 ജൂലായ് മാസത്തിലെ അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് - അപേക്ഷകൾ അയയ്ക്കുന്നത് - സംബന്ധിച്ച്

*************

1) പരിശീലനം പൂർത്തിയാക്കിയതോ, ആദ്യമായി ട്രേഡ് ടെസ്റ്റ് എഴുതിയതോ ആയ ഐ.ടി.ഐ./ഐ.ടി.സി.യിലാണ് അപേക്ഷ സമർപ്പിയ്ക്കേണ്ടത്. പരീക്ഷാ കേന്ദ്രം യാതൊരു കാരണവശാലും മാറ്റി നൽകുന്നതല്ല. എൻ.സി.വി.റ്റി. അഫിലിയേറ്റ് ചെയ്ത ട്രേഡിലും അഡ്മിഷൻ ക്ലോസ് ചെയ്ത ലിസ്റ്റിലും ഉൾപ്പെട്ട റഗുലർ ട്രെയിനികളുടെ അപേക്ഷകൾ മാത്രമേ അയച്ചിട്ടുള്ളൂ എന്ന് ബന്ധപ്പെട്ട ഐ.ടി.ഐ./ ഐ.ടി.സി. പ്രിൻസിപ്പാളിന്റെ ഒരു സത്യവാങ്മൂലവും, ട്രെയിനികളുടെ പേരുകൾ ഉൾപ്പെട്ട അഡ്മിഷൻ ക്ലോസ് ചെയ്ത ലിസ്റ്റിന്റെയും ബന്ധപ്പെട്ട ട്രേഡിന്റെ അഫിലിയേഷൻ ഉത്തരവിന്റെയും ശരിപകർപ്പുകൾ അപേക്ഷയോടൊപ്പം ലഭിച്ചിരിക്കേണ്ടതാണ്. (മാതൃകാ അപേക്ഷാ ഫാറങ്ങൾ പ്രത്യേകം ചേർത്തിട്ടുണ്ട്). പൂർണ്ണ വിവരങ്ങൾ ഉൾപ്പെട്ട പൂരിപ്പിച്ച അപേക്ഷകൾ <u>16/05/11 വൈകുന്നേരം 3 മണിയ്ക്ക് മുൻപായി</u> ബന്ധപ്പെട്ട ഐ.ടി.ഐ./ഐ.ടി.സി. പ്രിൻസിപ്പാൾമാർക്ക് സമർപ്പിക്കണം. നിശ്ചിത തീയതി കഴിഞ്ഞ് ലഭിക്കുന്നതോ, അപൂർണ്ണമായതോ, അപേക്ഷകന്റെ ഒപ്പ് ഇല്ലാത്തതോ, ചെല്ലാന്റെ അസ്സൽ പകർപ്പില്ലാത്തതോ, ആയ അപേക്ഷകൾ പരിഗണിക്കുന്നതല്ല. പ്രിൻസിപ്പാൾ അപേക്ഷകൾ പരിശോധിച്ച് അർഹത ഉറപ്പു വരുത്തി, അപേക്ഷാ ഫോറം സാക്ഷ്യപ്പെടുത്തി ഓരോ ട്രേഡിനും പ്രത്യേകം പ്രത്യേകം ലിസ്റ്റ് (രണ്ട് കോപ്പികൾ) ഉൾപ്പെടെ 20/05/11-ന് 5 മണിക്കു മുൻപായി ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്. തയ്യാറാക്കേണ്ട ലിസ്റ്റിന്റെ മാതൃക ഇതോടൊപ്പം അയയ്ക്കുന്നു.

2) തോറ്റ് വീണ്ടും പരീക്ഷയ്ക്ക് അപേക്ഷിക്കുന്നവരുടെ വിവരങ്ങൾ ബന്ധപ്പെട്ട ഐ.ടി.ഐ./ഐ.ടി.സി. പ്രിൻസിപ്പാൾമാർ പരിശോധിച്ച് അർഹത ഉറപ്പു വരുത്തി അപേക്ഷാ ഫാറം സാക്ഷ്യപ്പെടുത്തേണ്ടതും, അപേക്ഷകളും ഓരോ ട്രേഡിനും പ്രത്യേകം തയ്യാറാക്കിയ ലിസ്റ്റും ഈ ആഫീസിൽ 20/05/11-ന് 5 മണിയ്ക്കു മുൻപായി എത്തിയ്ക്കേണ്ടതാണ്. ഈ ലിസ്റ്റിലെ റിമാർക്ക് കോളത്തിൽ അപേക്ഷകൻ പരീക്ഷ എഴുതുന്ന വിഷയങ്ങൾ ഏതെല്ലാമാണെന്ന്, പ്രത്യേകം സൂചിപ്പിച്ചിരിക്കണം.

3) ഗവൺമെന്റ് ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ ട്രെയിനികളിൽ നിന്നും സ്വീകരിക്കുന്ന ചെല്ലാൻ ഫയലിൽ സൂക്ഷിക്കേണ്ടതും ഈ വിവരം അപേക്ഷ, ലിസ്റ്റ് എന്നിവയോടൊപ്പം അയയ്ക്കുന്ന ഉപരിപത്രത്തിൽ (കവറിംഗ് ലെറ്റർ) പ്രത്യേകം സൂചിപ്പിക്കേണ്ടതുമാണ്. മറ്റുള്ളവർ ചെലാന്റെ അസ്സൽ അപേക്ഷയോടൊപ്പം അയയ്ക്കേണ്ടതാണ്. താമസിച്ച് ഫീസടച്ചിട്ടുള്ളതും, നിശ്ചിത തുകയിലും കുറച്ച് അടച്ചിട്ടുള്ളതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല. ഈ കുറവ് പരിഹരിക്കാനും അനുവദിക്കുന്നതല്ല.

4) ഒരു ട്രെയിനിയ്ക്ക് ആദ്യത്തെ അവസരം മുതൽ തുടർച്ചയായ മൂന്നു വർഷക്കാലത്തിനുള്ളിൽ ആകെ ആറു തവണ മാത്രമേ പരീക്ഷയ്ക്കിരിക്കുവാൻ അനുമതി നൽകുകയുള്ളൂ. ഇക്കാര്യം ബന്ധപ്പെട്ട പ്രിൻസിപ്പാൾ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതും അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതുമാണ്.

5) 2011 ആഗസ്റ്റിൽ പുതിയതായി ആരംഭിച്ച് എൻ.സി.വി.ടി. അഫിലിയേഷൻ ലഭിച്ചിട്ടുള്ള ഐ.ടി.ഐ./ഐ.ടി.സി./ട്രേഡുകൾ/യൂണിറ്റുകളെ ട്രേഡ് ടെസ്റ്റിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടി ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ വിജ്ഞാപനം ടി ഐ.ടി.ഐ./ഐ.ടി.സി.കളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. 2011 ജനുവരി/ ഫെബ്രുവരി മാസങ്ങളിൽ എൻ.സി.വി.ടി. അഫിലിയേഷൻ ലഭിച്ചിട്ടുള്ള ഹ്രസ്വകാല കോഴ്സുകളിലെ ട്രെയിനികൾക്കും ഇതോടൊപ്പം അപേക്ഷ നൽകാവുന്നതാണ്.

6) പരീക്ഷയുടെ തീയതിയും, സമയവും എൻ.സി.വി.ടി. അറിയിക്കുന്ന മുറയ്ക്ക് പ്രിൻസിപ്പാൾമാരെ അറിയിക്കുന്നതാണ്.

7) പരീക്ഷ നടപടി ക്രമങ്ങൾ കമ്പ്യൂട്ടർവൽക്കരിച്ചിരിക്കുന്നതിനാൽ താഴെപറയുന്ന നിർദ്ദേശങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

(എ) അപേക്ഷയിലെ വിവരങ്ങൾ ട്രെയിനിയെ സംബന്ധിച്ച് തീർത്തും ശരിയാണെന്ന് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ ഉറപ്പു വരുത്തണം. കാരണം ടി വിവരങ്ങളാണ് 'ബി' ഫോറത്തിലും സർട്ടിഫിക്കറ്റിലും രേഖപ്പെടുത്തി വരുന്നത്. ഒരിക്കൽ രേഖപ്പെടുത്തിയ വിവരങ്ങളിൽ യാതൊരു കാരണവശാലും മാറ്റം വരുത്താൻ സാധിക്കുന്നതല്ല.

(ബി) അപേക്ഷയിൽ പറയുന്ന ട്രെയിനിയുടെ വിവരങ്ങളനുസരിച്ച് തയ്യാറാക്കിയതും ഫോട്ടോ പതിപ്പിക്കാത്തതുമായ നമ്പരിട്ട ഹാൾ ടിക്കറ്റായിരിക്കും ഡയറക്ടറേറ്റിൽ നിന്നും വിതരണം ചെയ്യുന്നത്. അവ ഫോട്ടോ പതിച്ച് ഗവൺമെന്റ് ഐ.ടി.ഐ./പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾ അറ്റസ്റ്റ് ചെയ്ത് ട്രെയിനികൾക്ക് നൽകേണ്ടതാണ്.

(സി) റഗുലർ ട്രെയിനികൾക്കും തോറ്റ് വീണ്ടുമെഴുതുന്ന ട്രെയിനികൾക്കും പ്രത്യേകം പ്രത്യേകം അപേക്ഷകളാണ് തയ്യാറാക്കേണ്ടത്.

(ഡി) അപേക്ഷകൾ പരീക്ഷാ വിഭാഗം ഡെപ്യൂട്ടി ഡയറക്ടറുടെ പേരിൽ (ഡെപ്യൂട്ടി ഡയറക്ടർ, ട്രെയിനിംഗ് ഡയറക്ടറേറ്റ്, തൈക്കാട്, തിരുവനന്തപുരം - 695 014) അയച്ചു തരേണ്ടതാണ്. അഡ്മിഷൻ ക്ലോസിംഗ് റിപ്പോർട്ടിന്റെ പകർപ്പ്, അപേക്ഷ, അപേക്ഷകളുടെ ക്രോഡീകൃത ലിസ്റ്റിന്റെ രണ്ട് പകർപ്പുകൾ, അസ്സൽ അഫിലിയേഷൻ ഉത്തരവിന്റെ പകർപ്പ് എന്നിവയാണ് ഇതോടൊപ്പം അയയ്ക്കേണ്ടത്. അപേക്ഷ അഡ്മിഷൻ ക്ലോസിംഗ് ലിസ്റ്റിലെ ക്രമത്തിൽ വയ്ക്കേണ്ടതാണ്.

(ഇ) ട്രേഡ് ടെസ്റ്റിന്റെ ഹാൾ ടിക്കറ്റ്, ബി ഫോറം എന്നിവ പ്രിൻസിപ്പാൾമാർ തയ്യാറാക്കേണ്ടതില്ല. എങ്കിൽ തന്നെയും റോൾ നമ്പർ അലോട്ടു ചെയ്ത് കഴിഞ്ഞാൽ ഓരോ ട്രെയിനിക്കും വിവിധ വിഷയങ്ങളിലെ സെഷണൽ മാർക്ക് നിലവിലുള്ള നിബന്ധനകൾക്ക് വിധേയമായി ഈ ആഫീസിൽ അറിയിയ്ക്കേണ്ടതാണ്. ആകയാൽ സെഷണൽ മാർക്ക് നൽകുന്നതിന്റെ നടപടിക്രമങ്ങൾ മുൻകൂർ തന്നെ തയ്യാറാക്കേണ്ടതും റോൾ നമ്പർ ലഭിച്ചു കഴിഞ്ഞ് (ഹാൾ ടിക്കറ്റ് ലഭിച്ചതിനു ശേഷം) ഏഴു ദിവസത്തിനകം ഈ ഓഫീസിൽ കിട്ടിയിരിക്കേണ്ടതുമാണ്. സെഷണൽ മാർക്ക് അറിയിക്കേണ്ടതിന്റെ ഒരു മാതൃകാ പകർപ്പ് ഇതോടൊപ്പം അയയ്ക്കുന്നു.

(എഫ്) അപേക്ഷകൾ പൂരിപ്പിക്കുമ്പോൾ <u>അപേക്ഷകന്റെ പേര്, അച്ഛന്റെ പേര്, ജനനതീയതി എന്നിവ എസ്.എസ്.എൽ.സി. ബുക്കുമായി ഒത്തു നോക്കി ബോദ്ധ്യപ്പെടേണ്ടതാണ്.</u> ഇപ്രകാരം അല്ലാതെ ഉണ്ടാകുന്ന തെറ്റുകൾക്കും അതുമൂലം ബി ഫോറം, പി.എൻ.ടി.സി. എന്നിവയിൽ ഉണ്ടാകുന്ന പിശകുകൾക്കും പി.എൻ.റ്റി.സി.യുടെ വിതരണത്തിനുണ്ടാകുന്ന കാലതാമസത്തിനുമുള്ള ഉത്തരവാദിത്വം പൂർണ്ണമായും ട്രെയിനിക്കും പ്രിൻസിപ്പാളിനുമായിരിക്കും.

8) പ്രാക്ടിക്കൽ പരീക്ഷയ്ക്ക് യന്ത്രോപകരണങ്ങൾ ഉപയോഗിക്കേണ്ടി വരുന്ന ട്രെയിനികൾ 100/- രൂപ ജാമ്യ നിക്ഷേപ തുകയായി പ്രാക്ടിക്കൽ ടെസ്റ്റിനു മുൻപ് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാരെ ഏൽപിക്കേണ്ടതും ടെസ്റ്റിന് ശേഷം ബാദ്ധ്യതകൾ ഉണ്ടായിട്ടില്ലാത്തപക്ഷം പ്രസ്തുത ജാമ്യ തുക തിരികെ നൽകുന്നതുമാണ്. ഒരു വിഷയത്തിനായാലും ആകെ വിഷയങ്ങൾക്കായാലും പരീക്ഷാ ഫീസനത്തിൽ അടയ്ക്കേണ്ട തുകയിൽ മാറ്റമില്ല. പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമവകുപ്പിന്റെ സ്റ്റൈപ്പന്റ് ആനുകൂല്യം ലഭിക്കുന്ന വിഭാഗത്തിൽപ്പെട്ട റഗുലർ ട്രെയിനികളെ പരീക്ഷാ ഫീസിൽ നിന്നും

ഒഴിവാക്കിയിട്ടുണ്ട്. ഇപ്രകാരം ഒഴിവാക്കപ്പെട്ടിട്ടുള്ളവരുടെ പേര് വിവരം ട്രെയിനിംഗ് ഡയറക്ടറേറ്റിൽ അറിയിക്കേണ്ടതും പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ വകുപ്പിൽ നിന്നും ഇവരുടെ പരീക്ഷാ ഫീസ് എഴുതി വാങ്ങി ടി ശീർഷകത്തിൽ ട്രഷറിയിൽ ഒടുക്കുവാൻ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ അടിയന്തിര നടപടി സ്വീകരിക്കേണ്ടതുമാണ്.

9) അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് എഴുതുവാൻ ട്രെയിനിംഗ് മാന്വൽ പ്രകാരം ട്രെയിനികൾക്ക് 80% ഹാജർ നിർബന്ധമാണ്. ഹാജർ ശതമാനം കണക്കാക്കുന്നത് ആകെ ഹാജരായ ദിവസങ്ങളും സാദ്ധ്യായ ദിവസങ്ങളും കണക്കാക്കിയാണ്. പരീക്ഷാ ഫീസ് ഒടുക്കുന്ന ദിനത്തിൽ 80% ഹാജർ ഉണ്ടായിരുന്നാലും ഹാൾ ടിക്കറ്റ് കൈപ്പറ്റുന്ന അവസരത്തിൽ 80% ഹാജർ ഉള്ളവരെ മാത്രമേ ട്രേഡ് ടെസ്റ്റിൽ പങ്കെടുക്കുവാൻ അനുവദിക്കുകയുള്ളൂ. ഇതിലേയ്ക്കായി റഗുലർ ട്രെയിനികൾ ഇതോടൊപ്പം ചേർക്കുന്ന പ്രകാരം സമ്മതപത്രം കൂടി നൽകേണ്ടതും ആയത് ബന്ധപ്പെട്ട പ്രിൻസിപ്പാൾ അവരുടെ ഓഫീസിൽ സൂക്ഷിക്കേണ്ടതുമാണ്.

10) ഈ വിജ്ഞാപനം ലഭിച്ചു കഴിഞ്ഞാലുടൻ മടക്കത്തപാലിൽ കൈപ്പറ്റ് രസീത് അയച്ചു തരേണ്ടതാണ്.

(ഒപ്പ്)
ട്രെയിനിംഗ് ഡയറക്ടർ.

എല്ലാ ഐ.ടി.ഐ./ഐ.ടി.സി. പ്രിൻസിപ്പാൾമാർക്കും

പകർപ്പ്:- 1. ഡി.റ്റി. യുടെ സി.എ/എ.ഡി.റ്റി./എസ്.എസ്. (ജി)/ജി (1)
2. ട്രെയിനിംഗ് ആഫീസർമാർ/ട്രെയിനിംഗ് ഇൻസ്പെക്ടർമാർ
3. ഡി.ഡി.റ്റി./ടി.ടി.ഒ./ജി1 കരുതൽ ഫയൽ

//അംഗീകാരത്തോടെ//

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്

പി.സി.27/04.

## ALL INDIA TRADE TEST JULY, 2011

LIST OF TRAINEES

TRADE..............................................................

| *Sl. No* | *Sl.No.as per Admission Closing list* | *Roll No* | *Name of Trainee* | *Subject to which appear* | *Remarks* |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |

PRINCIPAL

(Office Seal)

P.C.27/04.

**ALL INDIA TRADE TEST JULY, 2011**

SESSIONAL MARKS

TRADE..............................................................

| *Sl. No* | *Sl.No.as per Admission Closing list* | *Roll No.* | *Name of Candidate* | *Sessional Marks* | | | | *Remarks* |
|---|---|---|---|---|---|---|---|---|
| | | | | *Practical* | *Theory* | *W.Cal.& Science* | *Engg. Drawing* | |
| 1 | | | | | | | | |
| 2 | | | | | | | | |
| 3 | | | | | | | | |
| 4 | | | | | | | | |
| 5 | | | | | | | | |
| 6 | | | | | | | | |
| 7 | | | | | | | | |
| 8 | | | | | | | | |
| 9 | | | | | | | | |
| 10 | | | | | | | | |
| 11 | | | | | | | | |
| 12 | | | | | | | | |
| 13 | | | | | | | | |
| 14 | | | | | | | | |
| 15 | | | | | | | | |
| 16 | | | | | | | | |
| 17 | | | | | | | | |
| 18 | | | | | | | | |
| 19 | | | | | | | | |

PRINCIPAL

(Office Seal)

P.C.27/04.

# സമ്മതപത്രം

2011 ജൂലായ് മാസത്തിൽ നടക്കുന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിന് അപേക്ഷിക്കുന്ന എനിക്ക് ഹാൾ ടിക്കറ്റ് വിതരണം നടക്കുന്ന ദിവസം ട്രെയിനിംഗ് മാനുവലിലെ ഖണ്ഡിക 19 (എ) പ്രകാരം ഉണ്ടായിരിക്കേണ്ട 80% ഹാജർ ഇല്ലാതിരിക്കുകയും പരീക്ഷ എഴുതുന്നതിന് ഹാൾ ടിക്കറ്റ് ലഭിക്കാതെ വരികയും ചെയ്യുന്നപക്ഷം അതിന്റെ പൂർണ്ണ ഉത്തരവാദിത്വം എനിക്ക് മാത്രമാണെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

എന്ന്,

ഒപ്പ് :
അപേക്ഷകന്റെ പേര് :
ട്രേഡ് :
ഐ.ടി.ഐ.യുടെ പേര് :

തീയതി:
സ്ഥലം:

(അപേക്ഷകൻ ഒപ്പിട്ട സമ്മതപത്രം ബന്ധപ്പെട്ട പ്രിൻസിപ്പാൾ പക്കം സൂക്ഷിക്കേണ്ടതാണ്).

പി.സി.27/04.